പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4023** **21.10.2016** -ൽ മറുപടിക്ക്

**ആറ്റിങ്ങൽ കൊല്ലമ്പുഴ കോയിക്കൽ കൊട്ടാരം നവീകരിക്കുന്നതിന് പദ്ധതി**

ചോദ്യം

ശ്രീ. ബി.സത്യൻ

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ കൊല്ലമ്പുഴ കോയിക്കൽ കൊട്ടാരം നവീകരിക്കുന്നതിന് നിലവിലെ സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ എന്നും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് പദ്ധതിയിലുള്ളതെന്നും വ്യക്തമാക്കാമോ ; | (എ) | ആറ്റിങ്ങൽ കൊല്ലമ്പുഴ കോയിക്കൽ കൊട്ടാരം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമല്ലാത്തതിനാൽ സംരക്ഷണ നവീകരണ പ്രവൃത്തികൾക്ക് സാംസ്കാരിക കാര്യ വകുപ്പിൽ നിന്ന് തുക അനുവദിച്ചിട്ടില്ല. |
| (ബി) | രാജാരവിവർമ്മയുടെ ജന്മം കൊണ്ട് പ്രസിദ്ധമായ കിളിമാനൂർ കൊട്ടാരത്തിന്റെ ശോച്യാവസ്ഥക്കു പരിഹാരം കാണുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ബി) | കിളിമാനൂർ കൊട്ടാരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കൊട്ടാരസമുച്ചയത്തിലെ സ്റ്റുഡിയോ ബ്ളോക്ക് പുത്തൻമാളിക മറ്റ് അനുബന്ധ കെട്ടിടങ്ങൾ ഇവയുടെ സംരക്ഷണപണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സമഗ്രമായ സംരക്ഷിത പ്രവൃത്തികൾക്കായി ഈ സാമ്പത്തിക വർഷം 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ